# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1067 10.08.2017 - ൽ മറുപടിക്ക്

### <u>പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.കെ. ബാബു :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടിയിൽ കൂടുതൽ തുകയ്ക്കുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിലെ |

അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും, മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിനു സഹായകരമാകുന്നുണ്ട്. അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും വിവിധ കാരണങ്ങൾക്ക് 195 ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ